പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3622* 23.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-ക്ക് അടൂർ മണ്ഡലത്തിൽ പുതിയ റൂട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമസഭാ സാമാജികന്മാരുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എത്ര പുതിയ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ റൂട്ട് വിവരം സഹിതം ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അടൂർ മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇത്തരത്തിൽ എത്ര നിവേദനങ്ങൾ ലഭ്യമായെന്നും അവയേതെല്ലാമെന്നുമുള്ള വിവരം അറിയിക്കുമോ; | (ബി) | 16 നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. അവയുടെ റൂട്ട് ചുവടെ ചേർക്കുന്നു.<br>1. അടൂർ-കുടിയാൻമല<br>2. അടൂർ-ചെന്നൈ<br>3. അടൂർ-ബാംഗ്ലൂർ<br>4. അടൂർ-മധുര<br>5. അടൂർ-തിരുനെല്ലി<br>6. അടൂർ-പത്തനംതിട്ട-കുമിളി<br>7. അടൂർ-കോയമ്പത്തൂർ<br>8. അടൂർ-പാലക്കാട്<br>9. കൊല്ലം-ശാസ്താംകോട്ട-അടൂർ-കൊടുമൺ-പത്തനംതിട്ട (ചെയിൻ)<br>10. അടൂർ-കൈതക്കോട്-തിരുവനന്തപുരം<br>11. അടൂർ-അമ്പലക്കടവ്-ഇലവുംതിട്ട-കോഴഞ്ചേരി (ചെയിൻ)<br>12. അടൂർ-ഓച്ചിറ-കൂടൽ |

| | | | |
|---|---|---|---|
| | | | 13. പന്തളം–അമൃത മെഡിക്കൽ കോളേജ്<br>14. പന്തളം–ബാംഗ്ലൂർ<br>15. പന്തളം–കുമിളി<br>16. പന്തളം–പാലക്കാട് |
| (സി) | പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (സി) യും (ഡി) യും (ഇ) യും | തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥയില്ലാത്തതിനാൽ അടൂർ, പന്തളം എന്നിവിടങ്ങളിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ തുടർനടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. മറ്റ് അപേക്ഷകൾ സാധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ടെങ്കിലും ബസ്സിന്റെ കുറവ് കാരണം സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ഡി) | അടൂർ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഇ) | നിലവിൽ അടൂർ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിനുള്ള താമസം എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്